ഡ്രൈവിംഗ് പരിശീലനം നൽകിയതിന് ഡ്രൈവിംഗ് സ്കൂളുകൾക്ക് നൽകേണ്ട തുക

2 [2280] ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 സാമ്പത്തിക വർഷത്തിൽ പട്ടികജാതി യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയതിന്റെ പ്രതിഫലമായി കൊല്ലം ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകൾക്ക് നൽകേണ്ട മുഴുവൻ തുകയും പട്ടികജാതി വികസന ആഫീസ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ സ്കൂളുകൾക്ക് എത്ര വീതം തുക ഇനിയും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക അടിയന്തിരമായി വിതരണം ചെയ്യാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം താഴെ കൊടുക്കുന്നു:

ഡ്രൈവിംഗ് സ്കൂളിന്റെ പേര്	ഇനി നൽകാനുള്ള തുക
1. ആനന്ദാ മോട്ടോഴ്സ്	65,000 രൂപ
2. സലില മോട്ടോഴ്സ്	3,89,000 ,,
3. ജ്യോതി മോട്ടോഴ്സ് (തേവലക്കര)	1,80,000 ,,
4. തുണ്ടിൽ മോട്ടോഴ്സ്	1,15,000 ,,
5. യൂണിയൻ മോട്ടോഴ്സ്	2,10,000 ,,
6. നിയോ മോട്ടോഴ്സ്	3,35,000 ,,

(സി) സ്വീകരിക്കുന്നതാണ്.

പട്ടിക സമുദായ അംഗങ്ങൾക്കുള്ള ഫണ്ടുകൾ വക മാറി ചെലവഴിക്കുന്നതിനെതിരെ നടപടി

3 [2287] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിൽ മുക്കം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതി ഫണ്ടുകൾ വകമാറി ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഉദിക്കുന്നില്ല. എന്നാൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപെട്ടാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

4 [2290] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടികസമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിപ്രകാരം ഇപ്പോൾ നൽകിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) വീടൊന്നിന് 70,000 രൂപയാണ് ഗ്രാൻറായി അനുവദിക്കുന്നത്. ദുർഘട പ്രദേശങ്ങളിലാണെങ്കിൽ 5,000 രൂപ കൂടി അധികമായി അനുവദിക്കും.

(ബി, സി) 20-3-2003-ലാണ് ഭവന നിർമ്മാണ ഗ്രാൻറ് വർദ്ധിപ്പിച്ചത്. ഗ്രാൻറ് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

യുവജനക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

5 [2293] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കുവേണ്ടി ആകെ ചെലവാക്കിയ തുക എത്രയാണ്;

(സി) നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികളും അവയ്ക്ക് ചെലവാക്കിയ തുകയും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരളോൽസവം
2. നാഷണൽ യുവ ഉൽസവ്/നാഷണൽ യൂത്ത് ഫെസ്റ്റിവൽ.

LIBRARY ARCHIVES Kerala Legislative Assembly